# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഗവ. എൽ. പി. സ്കൂൾ,

## തെങ്ങുംകാവ്

## 2025-2026

OPPO Reno10 Pro+ 5G

## ആമുഖം.

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ പ്രമാടം പഞ്ചായത്തിൽ തെങ്ങുംകാവ് ഗവ. എൽ. പി. സ്കൂൾ സ്ഥിതിചെയ്യുന്നു. കോന്നി ടൗണിൽനിന്നും ഏകദേശം 4 കി.മീറ്ററും പ്രമാടം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽനിന്ന് ഏകദേശം 1 കി.മീറ്ററും യാത്ര ചെയ്താൽ സ്കൂളിൽ എത്തിച്ചേരാവുന്നതാണ്.

വർഷങ്ങൾക്കുമുമ്പ് പ്രമാടം സ്വദേശി ശ്രീ സുബ്രഹ്മണ്യൻ നമ്പൂതിരി സർക്കാരിൽനിന്നും ഭൂമി ഏറ്റെടുത്ത് നടത്തപ്പെട്ടതാണ് ഈ സ്കൂൾ. കാലക്രമേണ കൊച്ചുകാവിളയിൽ വീട്ടുകാരുടെ സഹായത്തോടെ സ്കൂളിനെ പുനരുദ്ധരിച്ചു. പിന്നീട് സർക്കാർ ഏറ്റെടുത്തു. തുടക്കത്തിൽ ഒരുപാട് കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. ഭൗതിക സാഹചര്യങ്ങൾ നന്നേ കുറവായിരുന്നു. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്ത് ഇടപെടലുകൾകൊണ്ട് ഭൗതികസാഹചര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്.

1 മുതൽ 4 വരെ ക്ലാസ്സുകളിലായി 20 വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. ഓരോ ക്ലാസ്സിലും കുറഞ്ഞത് 20 കുട്ടികളെങ്കിലും ഉണ്ടാകണം എന്ന ലക്ഷ്യത്തോടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ നടക്കുന്നു.

OPPO Reno10 Pro+ 5G

സ്കൂളിൽ ആവശ്യത്തിന് ക്ലാസ്സ്മുറികളുണ്ട്. വളരെ നല്ലൊരു ലൈബ്രറിയും സ്കൂളിലുണ്ട്. കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ വായന സൗകര്യങ്ങൾ വായനമുറിയിൽ ഒരുക്കിയിരിക്കുന്നു. വൃത്തിയും വെടിപ്പുമുള്ള പാചകപ്പുരയും സ്കൂളിനുണ്ട്. കുട്ടികൾക്കു കളിക്കുവാനാവശ്യമായ സ്ഥലസൗകര്യങ്ങളും സ്കൂളിലുണ്ട്. സ്കൂൾ ഓഡിറ്റോറിയം പ്രത്യേകമായി ഇല്ല. നല്ലൊരു കൃഷിത്തോട്ടം സ്കൂളിനു മുന്നുവശത്തായി ഉണ്ട്. കുട്ടികൾക്കാവശ്യമായ വിഷരഹിത പച്ചക്കറികൾ ഇവിടെ വിളയിച്ചെടുക്കുന്നു.

വിദ്യാലയത്തിന്റെ പരിമിതികൾ

അക്കാദമികം :- പഠനപിന്നാക്കാവസ്ഥ, കുടുംബ പശ്ചാത്തലം, പി.ടി.എ. മീറ്റിംഗുകളിൽ രക്ഷിതാക്കളുടെ അഭാവം.

ഭൗതികം :- ക്ലാസ്സ്മുറികൾ കൂടുതൽ ആകർഷകമാക്കുന്നതിന് പഞ്ചായത്തിന്റെ സഹായം തേടൽ.

പാഠ്യാനുബന്ധം :- സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാലയ വിഭവങ്ങൾ

OPPO Reno10 Pro+ 5G

സമൂഹത്തിന് പ്രയോജനപ്പെടുന്ന തരത്തിൽ ആക്കുന്നതിന് കർമ്മപദ്ധതിക്കു രൂപം നൽകുന്നു.

ആരോഗ്യവും ആകർഷകവുമായ ഭൗതിക പരിസരം.

i) ഹരിത പരിസരം.

1. ജൈവവൈവിധ്യപാർക്ക് വിപുലപ്പെടുത്തുക.
2. ഹരിത പാതകൾ, പച്ചപ്പന്തലുകൾ.
3. ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യമെങ്കിലും സ്കൂളിൽ നടുക.
4. പ്ലാസ്റ്റിക് രഹിത വിദ്യാലയം
5. വിഷരഹിത പച്ചക്കറിക്കൃഷി വീട്ടിലും വിദ്യാലയത്തിലും

ii) പരിസരം സുന്ദരവും ശുചിത്വപൂർണ്ണവുമാക്കുക.

1. പൂന്തോട്ടം
2. ശുചിമുറിയിൽ - വൃത്തിയും പരിസ്ഥിതിസൗഹൃദമുള്ളതാക്കുക.

iii) പോഷകാഹാരവിതരണം - പാചകപ്പുര

1. കാറ്റും വെളിച്ചവും കടക്കുന്ന വൃത്തിയുള്ള അടുക്കള
2. ഷെൽഫുകൾ, സ്റ്റീൽ-ഗ്ലാസ്സ് സ്റ്റാൻഡ്.
3. പ്ലേറ്റുകളും ഗ്ലാസുകളും എന്നും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സംവിധാനം.
4. അടിസ്ഥാന സൗകര്യങ്ങളോടുകൂടെ സ്റ്റോർ റൂം.

OPPO Reno10 Pro+ 5G

IV) വിദ്യാർത്ഥിസൗഹൃദമായ ക്ലാസ്സ്മുറികൾ

1. ആണി അടികളോ ഒട്ടിച്ച് അലങ്കാര വസ്തുക്കളോ ചെയ്യാത്ത തരത്തിലുള്ള ക്ലാസ്സ്റൂം പ്രദർശന സൗകര്യങ്ങൾ.
2. കുട്ടികളുടെ പഠനോൽപ്പന്നങ്ങൾ, അദ്ധ്യാപകരുടെ പഠനോപകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് ബുള്ളറ്റിൻ ബോർഡുകൾ, കുട്ടികളുടെ ഉയരം പരിഗണിച്ചുള്ള ക്ലാസ് ഷെൽഫുകൾ, കബോർഡുകൾ. ക്ലാസ്സുകൾ വേർതിരിക്കുന്നതിന് സ്ക്രീനുകൾ, ക്ലാസ്സ് റൂം ലൈബ്രറി, പുസ്തക പ്രദർശന റാക്കുകൾ
3. ഓരോ ക്ലാസിന്റെയും ക്ലാസ് മികവുകൾ, അറിയിപ്പുകൾ, സർഗ്ഗാത്മക സൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കാനുള്ള ബുള്ളറ്റിൻ ബോർഡുകൾ.

V) സ്റ്റാഫ് റൂം.

1. ഓരോ അദ്ധ്യാപികയ്ക്കും ഷെൽഫുകൾ
2. ഓരോ വിഷയവുമായും ബന്ധപ്പെട്ട പൊതുപഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം.

VI) സവിശേഷാവശ്യങ്ങൾക്കുള്ള ഇടങ്ങൾ

1. മെസ്ഹാൾ

OPPO Reno10 Pro+ 5G

C. ഭാഷാടിസ്ഥാനത്തിൽ അസംബ്ലികൾ നടത്തുക.

D. സ്വന്തം ചോദ്യങ്ങളുള്ള ലഘുവ്യാഖ്യാന പരിശീലനത്തിനായി ദിനവും സമയം മാറ്റിവയ്ക്കുക

E. പഠനവിടവ് നികത്തുന്നതിനാവശ്യമായ പരിശീലനം.

F. എല്ലാവരെയും മികച്ച വായനക്കാരാക്കുക.

G. കളികളിലൂടെയും ICT സഹായത്തോടെയും പഠനം കൂടുതൽ ആകർഷകമാക്കുക.

II) ഭിന്നിതലത്തിനനുസരിച്ച് പരിശീലനം

ഭിന്നിതലത്തിനനുസരിച്ച് വികസിപ്പിക്കുന്നതിന് വിദ്യാലയത്തിന് സ്വന്തമായി പാഠ്യപദ്ധതിയും പ്രവർത്തന പാക്കേജും രൂപപ്പെടുത്തണം. ഇതിനായി പ്രത്യേക സമയം കണ്ടെത്തണം. പഠന പ്രവർത്തന-ത്തിന്റെ ഭാഗമായും ഈ ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

III) നിരന്തരവിലയിരുത്തലിന്റെ മാതൃക സൃഷ്ടിക്കണം.

നിരന്തരവിലയിരുത്തലിന്റെ നൂതനമായ മാതൃകകൾ രൂപപ്പെടുത്താനുള്ള അന്വേഷണങ്ങൾ ഏറ്റെടുക്കണം

## ദീർഘകാലം

ലക്ഷ്യങ്ങൾ

* ഒന്നുമുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികളെ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ചവരാക്കുക.

OPPO Reno10 Pro+ 5G

2. ക്ലബ്ബ്,
3. കമ്പ്യൂട്ടർലാബ്
4. വായനാമുറി
5. ചിത്രം, ആനുകാലികങ്ങൾ എന്നിവ പ്രദർശിപ്പിക്കാനുള്ള സംവിധാനം.

## അദ്ധ്യാപകരുടെ ഭാഗത്തുനിന്നും നടത്തേണ്ട പ്രവർത്തനങ്ങൾ.

1. വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ.

a). SRG യോഗങ്ങൾ അക്കാദമിക പ്രശ്നപരിഹാരത്തിന് ഉതകുന്ന വേദിയാവുക. ഓരോ മാസത്തിലും ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും മൂല്യനിർണ്ണയത്തിൽ കണ്ടെത്തുന്ന പഠനപ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

b). ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവു-കളാൽ സമ്പന്നമാക്കുക. കുട്ടികളുടെ പഠനത്തെളിവുകൾ, റഫറൻസ് ചാർട്ടുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ഡിജിറ്റൽ വേർഷനുകൾ തുടങ്ങി എല്ലാ വിഷയങ്ങളു-ടെയും തയ്യാറെടുപ്പുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ, പഠനനേട്ടങ്ങളുടെ ലിസ്റ്റ് എന്നിവ ആകർഷകമായി പ്രദർശിപ്പിക്കണം.

OPPO Reno10 Pro+ 5G

* ഓരോ കുട്ടിയുടെയും കഴിവുകൾ പ്രത്യേകമായി തിരിച്ചറിയുന്നു.

<u>പ്രവർത്തനങ്ങൾ (അതിൽനിന്നും.....)</u>

* കടങ്കഥകൾ, GK ക്ലാസ്സുകൾ, പ്രസംഗപരിശീലനം (ഓരോ ആഴ്ചയിലും വെള്ളിയാഴ്ച 1 മണിക്കൂർ വീതം)
* ചിത്രരചനാ പരിശീലനം,
* Craft work-ൽ താല്പര്യമുള്ളവർക്കായി ക്ലാസ്സുകൾ.
* കായികമേഖലയിൽ താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു
* സംഗീതാഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നു.

OPPO Reno10 Pro+ 5G

## കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുജനപങ്കാളിത്തത്തോടെ സ്കൂളിനെ മികവുറ്റതാക്കാം. കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുവാനും സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സാധിക്കുന്നു. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനു വേണ്ട അവസരങ്ങൾ നൽകുന്നു. കുട്ടികളിൽ ആധുനിക ശാസ്ത്രം അറിവും ആർജ്ജിക്കുന്നതിനോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, സഹകരണം തുടങ്ങിയ മൂല്യബോധങ്ങൾ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നതിന് ആവശ്യമായ പഠനാന്തരീക്ഷം ഒരുക്കും. മികച്ച പഠനാന്തരീക്ഷം ഒരുക്കുകവഴി മികച്ച വിദ്യാർത്ഥികളെ വാർത്തെടുക്കുകയും അതിലൂടെ മികച്ച വിദ്യാലയം എന്ന പദവിയിൽ സ്ഥാനമുറപ്പിക്കുന്നതിനും സാധിക്കും.

കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 1 മുതൽ 4 വരെ ക്ലാസുകളിലായി 4 അധ്യാപകർ ഉണ്ട്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ ഒരു പി.ടി.സി.എം. ഉം ഒരു പാചക തൊഴിലാളിയും സ്കൂളിൽ ജോലി ചെയ്യുന്നു.

| | പേര് | തസ്തിക | സർവ്വീസ് ദൈർഘ്യം | വിലാസം |
|---|---|---|---|---|
| 1. | ദീപാ കമൽ | എച്ച്.എം | 18 | ഇടയിലെ പുരയിൽ, വെട്ടൂർ |
| 2. | കവിതാ പീതാംബരൻ | പി.ഡി. ടീച്ചർ | 24 | പാറയടിയിൽ ഇളക്കൊള്ളൂർ |
| 3. | രശ്മി പി.എസ് | എൽ.പി.എസ്.ടി | 3 | ഇളംപ്ലാവിൽ വിളയിൽ, കൊടുമൺ |
| 4. | രാജലക്ഷ്മി വി.ജി | എൽ.പി.എസ്.ടി | 1 | ലക്ഷ്മി ഭവനം ചരുവംഗലം |

OPPO Reno10 Pro+ 5G

# അനദ്ധ്യാപകർ

| | | | | |
|---|---|---|---|---|
| 1 | കുമാരിദേവി.കെ.ജി | | 15 | തുരുത്തിയിൽ ഹൗസ്, ഉളിക്കൽ |
| 2 | പൊടിച്ചെ കെ.കെ | പാചകത്തൊഴിലാളി | | പാമ്പേലി മഠം വാഴമുട്ടം |

## ശാസ്ത്ര പഠനം (നിങ്ങൾക്കുമാകാം ശാസ്ത്രജ്ഞൻ)

**ലക്ഷ്യങ്ങൾ** — **സമയകാലം**

1. ഒന്നു മുതൽ നാലുവരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ടതും പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനോടൊപ്പം ഉപകാരപ്പെടുന്ന ശാസ്ത്രമൂല ഉറപ്പാക്കൽ.

**പ്രവർത്തനങ്ങൾ** — **സമയകാലം**

1. ഒന്നു മുതൽ നാലുവരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ (ജൂൺ 2025 - ആദ്യവാരം - ക്ലാസ്ടീച്ചർ)
2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ (ജൂൺ - രണ്ടാമത്തെ ആഴ്ച)
3. സാമഗ്രികൾ വാങ്ങൽ (ജൂൺ HM, SRG കൺവീനർ)
4. PTA യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം (നവംബർ)
5. ശാസ്ത്രമൂലക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം (ഡിസംബർ - ബെഞ്ച്/ Stand)

OPPO Reno10 Pro+ 5G

6. സ്കൂൾ ലാമ്പ് സജ്ജമാക്കൽ. ക്ലാസ്മുറിയിൽ സൂക്ഷിക്കാൻ കഴിയാത്ത സാമഗ്രികൾ പാഠം, ഏത് ക്ലാസിൽ ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ (ഡിസംബർ)

7. പരീക്ഷണശില്പശാല - പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും പങ്കെടുക്കാനവസരം. ഒന്നു മുതൽ നാലുവരെ ക്ലാസിലെ ചെറുതും വലുതുമായ ചെയ്തു പരിശീലിക്കൽ (ഡിസംബർ- അവസാനവാരം - HM SRG കൺവീനർ - പഞ്ചായത്ത്)

8. ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ, രക്ഷിതാക്കളെ വായിപ്പിക്കൽ

## ഞാനും എന്റെ ജാലവിദ്യകളും

(ശാസ്ത്ര പരീക്ഷണങ്ങൾ)

**ലക്ഷ്യങ്ങൾ** | **മധ്യകാലം**

- ശാസ്ത്രാഭിരുചി വളർത്തുന്നു.
- പരീക്ഷണങ്ങളിലൂടെ പഠിക്കുന്നു.

**പ്രവർത്തനങ്ങൾ** | **മധ്യകാലം**

- ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന ലഘു പരീക്ഷണങ്ങൾ ലിസ്റ്റുചെയ്യുന്നു (ജൂലൈമാസം)
- [illegible] സാമഗ്രികൾ ശേഖരിക്കുന്നു (ആഗസ്റ്റ്)

OPPO Reno10 Pro+ 5G

- ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികളെ ആഴ്ചയിൽ ഒരുദിവസം ഉച്ചസമയത്ത് പരിശീലനം ചെയ്യിപ്പിക്കുന്നു സെപ്തംബർ മാസം)

## ഹിന്ദി

- ഒന്നാം ക്ലാസ് മുതൽ ഹിന്ദി ഭാഷ പഠിപ്പിക്കൽ

  - SRG / PTA യോഗത്തിൽ തീരുമാനമെടുത്തു
  - PTA യുടെ സഹായത്തോടെ ഒരു ഹിന്ദി അധ്യാപികയുടെ സേവനം ഈ അധ്യയന വർഷം മുതൽ നടപ്പിലാക്കുന്നു.
  - നാലാം ക്ലാസിലെത്തുന്നതോടെ ഹിന്ദി അക്ഷരങ്ങളും വാക്കുകളും വായിക്കുവാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

പ്രത്യേകം പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട എല്ലാ പിന്തുണയും പ്രോത്സാഹനവും നൽകും.

## സാമൂഹികം (ഒന്നിച്ചൊന്നായ്)

(പൊതു സമൂഹത്തിന്റെ ഇടപെടലുകൾ)

> പോഷകാഹാരം ഉറപ്പാക്കൽ

പാചകപ്പുര ആധുനികവത്കരിക്കുക.

OPPO Reno10 Pro+ 5G

- കുട്ടികൾക്ക് ഡൈനിംഗ് ഹാൾ, ആവശ്യമായ പാത്രങ്ങൾ എന്നിവ - ഉറപ്പാക്കൽ.

6. സ്കൂൾ ലാബ് സജ്ജമാക്കൽ. ക്ലാസ്മുറിയിൽ സൂക്ഷിക്കാൻ കഴിയാത്ത സാമഗ്രികൾ പാഠം, ഏത് ക്ലാസിൽ ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ (ഡിസംബർ)

7. പരീക്ഷണശില്പശാല - പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും പങ്കെടുക്കാനവസരം. ഒന്നു മുതൽ നാലുവരെ ക്ലാസിലെ ചെറുതും വലുതുമായ ചെക്ക് പരിശീലിക്കൽ (ഡിസംബർ- അവസാനവാരം- HM SRG കൺവീനർ - പഞ്ചായത്ത്)

8. ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനൊത്ത് വാങ്ങൽ, രക്ഷിതാക്കളെ വായിപ്പിക്കൽ

## ഞാനും എന്റെ ജാലവിദ്യകളും

(ശാസ്ത്രപരീക്ഷണങ്ങൾ)

**ലക്ഷ്യങ്ങൾ** **മധ്യകാലം**

- ശാസ്ത്രാഭിരുചി വളർത്തുന്നു.
- പരീക്ഷണങ്ങളിലൂടെ പഠിക്കുന്നു.

**പ്രവർത്തനങ്ങൾ** **മധ്യകാലം**

- ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന ലഘുപരീക്ഷണങ്ങൾ ലിസ്റ്റുചെയ്യുന്നു (ജൂലൈമാസം)
- പരീക്ഷണങ്ങൾക്കു വേണ്ട സാമഗ്രികൾ ശേഖരിക്കുന്നു (ആഗസ്റ്റ്)

OPPO Reno10 Pro+ 5G

- സ്കൂൾ തലത്തിലും നാട്ടിലും ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഭക്ഷണത്തിന് ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ കൃഷി ഉപാധികൾ (വിത്ത്, വളം, കൃഷി സ്പോൺസർ ചെയ്യൽ.
- പ്രാദേശിക കർഷകരെ സ്കൂൾ കാർഷിക പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കുന്നതിന് ഇടപെടൽ.
- പോഷകാഹാരത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട ക്ലാസുകൾ എടുക്കുവാൻ കഴിയുന്നവരെ കണ്ടെത്തി ആ പ്രവർത്തനം നടത്തുക.

> പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനയും.

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ മത്സരങ്ങൾ എന്നിവ നടത്തണം.

> സമീപ ഗ്രന്ഥശാല അംഗത്വം:-

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം വായന, എഴുത്ത് പ്രോത്സാഹനം എന്റെ പുസ്തകം പ്രകാശനം

> പൊതു ആഘോഷങ്ങളുടെ ഭാഗമായി (ഓണം, ക്രിസ്മസ്, റംസാൻ.) സ്കൂൾ തലത്തിൽ വിപുലമായ പങ്കാളിത്തത്തോടെ ഭക്ഷണവിതരണം നടത്തുവാൻ ആവശ്യമായ ആളുകളും സന്നാഹങ്ങളും ഒരുക്കൽ

- വ്യക്തിഗതമായ ആഘോഷങ്ങളെ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധിപ്പിക്കൽ (പിറന്നാൾ ആഘോഷത്തിന് സ്പോൺസർഷിപ്പ്)

OPPO Reno10 Pro+ 5G

> ശുചിമുറി

നിലവിലുള്ള ടോയ്‌ലറ്റുകളുടെ ന്യൂനതകളായ പരിമിതികൾ പരിഹരിക്കാൻ പൊതുസമൂഹത്തിന്റെ ഇടപെടലുകൾ ആവശ്യമാണ്

> ചുറ്റുമതിൽ / പൂന്തോട്ടം

- ചുറ്റുമതിൽ ആകർഷകമായി പെയിന്റടിച്ച് നൽകൽ.
- ചുറ്റുമതിൽ പഠനസാധ്യതകൾ ഉപയോഗപ്പെടുത്തി ആക-പ്പെടുത്തൽ
- സ്കൂൾ ഉദ്യാനത്തിന് ആവശ്യമായ സസ്യങ്ങൾ ഒരുക്കി നൽകൽ
- ചെടിച്ചട്ടികൾ, വളം, ചെടികൾ, കൃഷിയുപകരണങ്ങൾ സ്പോൺസർ ചെയ്യൽ.

ലഹരിവിരുദ്ധ മനോഭാവം വളർത്തുക.

ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്താനുമുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.

പ്രവർത്തനങ്ങൾ.

1. പേപ്പർ ക്യാരിബാഗ് നിർമ്മാണം ലഹരിവിരുദ്ധസന്ദേശങ്ങൾ അടങ്ങിയത് (SDP)
2. നെയിംസ്ലിപ്പ്: "ഞാൻ ഒരിക്കലും ലഹരി ഉപയോഗിക്കില്ല" എന്ന തലക്കെട്ടോടുകൂടി നെയിംസ്ലിപ്പ് അച്ചടിക്കുകയും അത് സ്കൂൾ തലത്തിലും സമീപ സ്കൂളുകളിൽ കൂടി വിതരണം ചെയ്യുകയും ചെയ്യുന്നു.

OPPO Reno10 Pro+ 5G

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

പേര് : വായിക്കാം രസിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം നന്നായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | 1 പഠനനില കണ്ടെത്തൽ | മധ്യകാലം | മലയാളം ടീച്ചർ (Class IV) | PTA |
| | 2 പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കൽ | ഒക്ടോബർ ഒന്നുമുതൽ | എല്ലാ മലയാളം ടീച്ചേഴ്സും (1-VI) | – |
| | 3 അസംബ്ലിയിൽ പത്രവായന | ആഴ്ചയിൽ 5 ദിവസം | H.M | SSG |
| | 4 ലൈബ്രറി പുസ്തക വായന | പ്രതിദിനം | H.M Class IV ടീ | – |
| | 5 പതിപ്പുകൾ മാഗസിനുകൾ | ഒക്ടോബർ മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ് | |
| | 6 രചനാശില്പശാല | ഫെബ്രുവരി | PTA | |

OPPO Reno10 Pro+ 5G

# ലക്ഷ്യങ്ങൾ

2 എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.

3 വായന അനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക.

4 ക്ലാസ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.

5 വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക

6 ആസ്വാദനാത്മക കഴിവ് വളർത്തുക.

7 പ്രാദേശികമായ വായനസാമഗ്രികൾ ഉപയോഗപ്പെടുത്തുക.

## മധ്യകാലം

## പ്രവർത്തനങ്ങൾ

* പൊതുചടങ്ങ് സംഘടിപ്പിച്ച് സ്കൂൾ ലൈബ്രറിയിലേക്ക് കിട്ടിയ പുസ്തകങ്ങളുടെ പ്രദർശനം.
* ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ
* ജന്മദിന പുസ്തകം - ജനുവരി മുതൽ എല്ലാ വിദ്യാർത്ഥികളും സ്കൂളിനൊരു പുസ്തകം അസംബ്ലിയിൽ വച്ചു നൽകുന്നു.
* ഓരോ മാസവും ആഘോഷിക്കുന്ന ജന്മദിനകലണ്ടർ സ്കൂളിൽ തയ്യാറാക്കുന്നു.
* പത്രവായന : എല്ലാ ക്ലാസുകളിലേക്കും ഓരോ പത്രം.
* വായനമുറിയിലോ ക്ലാസ്മുറിയിലോ പത്രങ്ങൾ ക്ലിപ്പ് ചെയ്തിട്ട് കുട്ടികളെക്കൊണ്ട് വായിപ്പിക്കാം.

OPPO Reno10 Pro+ 5G

* അസംബ്ലിയിലും ക്ലാസ്മുറിയിലും നിത്യവും പത്രവായന
* പത്രത്തിൽ നിന്നും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്വിസ് മത്സരം
* വായനാവാരം - കുട്ടികളുടെ വായനക്കുറിപ്പുകൾ ബ്ലോഗിൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു.
* ദിനാചരണ പുസ്തകവായന
* ക്ലാസ് PTA പുസ്തക പരിചയം
* അമ്മവായന - സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുക്കാനവസരം - വായനാമുറി വായനാക്കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറിപ്പ് കണ്ടെത്തൽ പ്രോത്സാഹനം നൽകൽ
* ക്ലാസ്, സ്കൂൾ ബാലസഭകൾ - ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ സൃഷ്ടികൾ പരിചയം, അവതരണം

OPPO Reno10 Pro+ 5G

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

പേര് : "Learn to Study"

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ | മധ്യകാലം ജൂലൈ ആദ്യവാരം | ഇംഗ്ലീഷ് ടീച്ചർ | — |
| | 2 പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു | ആഗസ്റ്റ് | SRG | — |
| | 3 ഇംഗ്ലീഷിലുള്ള അസംബ്ലി | ആഗസ്റ്റ് രണ്ടാംവാരം മുതൽ | School leader | — |
| | 4 ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി | സെപ്തംബർ മുതൽ | Class Tr | — |
| | 5 പതിപ്പുകൾ മാഗസിനുകൾ | ഒക്ടോബർ - മാർച്ച് | Class Tr | — |

OPPO Reno10 Pro+ 5G

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

പേര് : ഒന്നിച്ചുകളിക്കാം... ഒപ്പമെത്തിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| 1. ഒന്നാം മുതൽ നാലാം വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതം രസകരമാക്കുന്നതിനും ചതുഷ്ക്രിയകൾ ലളിതമായി അവതരിപ്പിക്കുന്നതിനും പരിശീലിക്കുന്നതിനും. | 1 പഠനനില കണ്ടെത്തൽ (Pre Test നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.) | ജൂലൈ- ആഗസ്റ്റ് | ഗണിത ടീച്ചർ Class IV | — |
| | 2 പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് | ആഗസ്റ്റ് അവസാനം | SRG | — |
| | 3 ഗണിതകേളി | എല്ലാ ദിവസവും | Class Trs | — |
| | 4 ഗണിതക്വിസ് | ആഴ്ചയിൽ ഒരുദിവസം | Class Trs | — |
| | 5 പതിപ്പുകൾ മാഗസിനുകൾ | മാർച്ച് | Class Trs | — |
| | 6 ഗണിതോത്സവം | മാർച്ച് | SRG PTA SMC | — |

OPPO Reno10 Pro+ 5G